**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 99 — 27.02.2017- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം

ചോദ്യം
ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം
ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ബഹു.സുപ്രീം കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ടി തുക കമ്പനികളിൽ നിന്നും ഈടാക്കി നൽകാനാണോ സർക്കാർ ഉദ്ദേശിക്കുന്നത്; | (ബി) | സുപ്രീം കോടതി ഉത്തരവു പ്രകാരം ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കാനും അനുവദിച്ച തുക ബന്ധപ്പെട്ട കമ്പനികളിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ഈടാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതരായിട്ടുള്ളവർക്ക് വിവിധതരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ വിധിപ്രകാരം ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ |

| | | | |
|---|---|---|---|
| | | | ചെയ്തതിൻ പ്രകാരം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ ദുരിത ബാധിതർക്കായി ആജീവനാന്ത ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | എൻഡോ സൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. ആയതിലേയ്ക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ |

| | | | |
|---|---|---|---|
| | | | എം.പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.<br>കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ആവശ്യമായ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗ ബാധിതരിൽ ഡയാലിസിസ് ആവശ്യമായി വരുന്നവർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 8 ഡയാലിസിസ് മെഷീനുകൾ ഇതിനായിസജ്ജീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം ദുരിതബാധിതരായി കിടപ്പിലായ രോഗികളുടെ വീട്ടിൽ ചെന്ന് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സൗജന്യ ചികിത്സായിനത്തിൽ ഏകദേശം നാല് കോടി രൂപയോളം പ്രതിവർഷം ചെലവാകുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് |

| | | | |
|---|---|---|---|
| | | | 1200/-രൂപ, 1700/-രൂപ,2200/- രൂപ നിരക്കിൽ നിലവിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതം മൂലം പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരെ) പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.<br>മാനസികവൈകല്യമുള്ള കുട്ടികൾക്കായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**